(ബി) പ്രസ്തുത മിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ;

(സി) മാള സ്പിന്നിംഗ് മിൽ പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) മാള സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങൾക്കായി 325 ലക്ഷം സർക്കാർ ഓഹരി മൂലധനമായി നൽകിയിട്ടുണ്ട്. സംരംഭകരുടെ ഓഹരിയായി 62.45 ലക്ഷം രൂപയും സമാഹരിച്ചിട്ടുണ്ട്. ഈ തുകയിൽനിന്നും 10 ഏക്കർ ഭൂമി വാങ്ങുകയും 12000 സ്പിന്റിലുകൾ സ്ഥാപിക്കുവാൻ കഴിയുന്ന കെട്ടിടത്തിന്റെ പണി ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തു. ടേം ലോൺ ലഭിക്കാത്ത തുകാരണം ബാക്കി പണികൾ പൂർത്തിയായിട്ടില്ല. എൻ.സി.ഡി. യുടെ ധനസഹായത്തോടെ നൂതന വീവിംഗ് കം ഗാർമെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വ്യവസായ വകുപ്പിൽ നിറുത്തലാക്കപ്പെട്ട തസ്തികകളും പദ്ധതികളും

20 [450] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിലെ എത്ര തസ്തികകൾ നിറുത്തലാക്കി എന്നും ഏതൊക്കെ തസ്തികകൾ എത്ര വീതമെന്നും അവ നിറുത്തലാക്കാനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എത്ര തസ്തികകൾ മാറ്റി എന്നും ഏതൊക്കെ തസ്തികകൾ എത്ര വീതം ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി എന്നും വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏതൊക്കെ പദ്ധതികൾ, ജോലികൾ മറ്റ് ഏജൻസികൾക്ക് നൽകിയെന്നും, ഏതൊക്കെ ഏജൻസികൾക്ക് ഏതൊക്കെ ജോലികൾ നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ-വാണിജ്യ വകുപ്പിൽ അധികമാണെന്ന് കണ്ടെത്തിയ 262 തസ്തികകൾ നിറുത്തലാക്കുകയോ സൂപ്പർ ന്യൂമററിയായി മാറ്റുകയോ ചെയ്യുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവായിട്ടുണ്ട്. തസ്തികകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† സർക്കാരിന്റെ വ്യയനിയന്ത്രണത്തിന്റെ ഭാഗമായാണ് ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ക്ലറിക്കൽ വിഭാഗത്തിൽപ്പെട്ട 28 പേരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. എത്ര വീതം ഏതൊക്കെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി എന്നതിനെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(സി) വ്യവസായ-വാണിജ്യ വകുപ്പ് നടപ്പിലാക്കിയിരുന്ന അടിസ്ഥാന സൗകര്യ വികസനം, വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലമെടുക്കൽ എന്നിവ ഇപ്പോൾ കിൻഫ്ര പോലുള്ള സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. പുതുതായി ആരംഭിച്ച കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ കിൻഫ്ര, കെ-ബിപ്പ് മുഖേനയും, ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കിൻഫ്ര വഴിയുമാണ് നടപ്പിലാക്കുന്നത്. ഇൻഡസ്ട്രി ഇൻകുബേറ്റേഴ്സ്, കരകൗശലമേഖലയെപ്പറ്റിയുള്ള പഠനം, മുളഅധിഷ്ഠിത വികസനം, കരകൗശല മേഖലയിൽ മേഖലാ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ മറ്റ് ഏജൻസികൾ മുഖാന്തിരമോ, അവരുടെ സഹായത്തോടുകൂടിയോ നടപ്പിലാക്കുന്നവയാണ്.

കൈത്തറി വ്യവസായരംഗം നേരിടുന്ന പ്രതിസന്ധി

21 [451] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ്ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നതുമൂലം കൈത്തറി സഹകരണസംഘങ്ങളും തൊഴിലാളികളും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് സംസ്ഥാനത്ത് കെട്ടിക്കിടക്കുന്നതെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കെട്ടിക്കിടക്കുന്ന കൈത്തറിത്തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനും കൈത്തറി വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ഡി) കൈത്തറി വ്യവസായത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly